



Radical Reform
Islamic Ethics and Liberation
Tariq Ramadan
Oxford University press (2009)
Price 795.00 Rs

കവർസ്റ്റോറി

കെ. അശ്റഫ്

# ഇസ്‌ലാമിക നൈതികതയെയും വിമോചനത്തെയും കുറിച്ച വിചിന്തനങ്ങൾ

**ബഹുസ്വരവും** പ്രശ്നസങ്കീർണവുമായ നാഗരികതയുടെ നടപ്പുശീലുകൾക്ക് മുന്നിൽ മുസ്‌ലിമിനു മാത്രമായി ഒരു ഫിഖ്ഹ് സാധ്യമല്ലെന്നും മനുഷ്യന്റെ പൊതു ആകുലതകൾക്കകത്താണ് ഫിഖ്ഹിന്റെ സമകാലിക വായന രൂപപ്പെടേണ്ടതെന്നും വാദിച്ചുറപ്പിക്കുകയാണ് താരീഖ് റമദാൻ തന്റെ പുതിയ പുസ്തകമായ *റാഡിക്കൽ റിഫോമിൽ*. അദ്ദേഹത്തിന്റെ മറ്റു പുസ്തകങ്ങളായ *ടുബി എ യൂറോപ്യൻ മുസ്‌ലിം*, *വെസ്റ്റേൺ മുസ്‌ലിം ആന്റ് ദ ഫ്യൂച്ചർ ഓഫ് ഇസ്‌ലാം*, *ഇസ്‌ലാം വെസ്റ്റ് ആന്റ് ദ ചാലഞ്ച് ഓഫ് മോഡേണിറ്റി* എന്നിവയിലും ഈ പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നെങ്കിലും, ഫിഖ്ഹിന്റെ അടിസ്ഥാന പ്രമാണങ്ങളെ നിർധാരണം ചെയ്യുന്ന റമദാന്റെ പ്രഥമ യത്നമാണ് *കാതലായ മാറ്റം: ഇസ്‌ലാമിക സദാചാരവും വിമോചനവും* എന്ന കൃതി. ഫിഖ്ഹിലൂടെ നാം എത്തിപ്പെടുന്ന ഉത്തരങ്ങളിലോ നിഗമനങ്ങളിലോ അല്ല ഇവിടെ റമദാൻ ശ്രദ്ധിക്കുന്നത്. ഉസ്വൂലുൽ ഫിഖ്ഹിന്റെ (ഫിഖ്ഹ് നിദാനശാസ്ത്രം) രീതിശാസ്ത്രം, ഉറവിടം, അടിസ്ഥാനങ്ങൾ ഇവയെ തന്നെ പുനഃപരിശോധിക്കാനാണ് ശ്രമിക്കുന്നത്. രണ്ട് നൂറ്റാണ്ടുകളായി മുസ്‌ലിം പണ്ഡിതന്മാർ നടത്തിക്കൊണ്ടിരിക്കുന്ന നവീകരണ പരിപാടികളുടെ (തജ്ദീദ്, ഇസ്‌ലാഹ്) തുടർച്ചയായിട്ടാണ് റമദാൻ തന്റെ പഠനത്തെ സ്വയം വിശേഷിപ്പിക്കുന്നത്. ഫിഖ്ഹിന്റെ ഉപകരണങ്ങൾ, ചരിത്ര പ്രയോഗങ്ങൾ ഇവക്കു പുറമെ രീതിശാസ്ത്രത്തെയും വിഭജനത്തെയും വരെ റമദാൻ പുനർവിചിന്തനത്തിനു വിധേയമാക്കുന്നു.

പാഠത്തെ (Text) അപഗ്രഥിക്കാൻ കഴിവുള്ള പണ്ഡിതന്മാർക്കു പുറമെ, സന്ദർ

ഭത്തെ (Context) അപഗ്രഥിക്കാൻ കഴിവുള്ള പണ്ഡിതന്മാർ കൂടി വളർന്നുവരേണ്ടതാണെന്ന് റമദാൻ നിരീക്ഷിക്കുന്നു.

നാലു അധ്യായങ്ങളാണ് പുസ്തകത്തിൽ. നവീകരണം, ഉസ്വൂലുൽ ഫിഖ്ഹിലെ ക്ലാസിക് സമീപനങ്ങൾ, *ഉസ്വൂലുൽ ഫിഖ്ഹി*ന്റെ പുതിയ ഭൂമിക, കേസ് സ്റ്റഡീസ് എന്നിവ. ഇമാം ശാഫിഈ, ഇമാം അബൂഹനീഫ, ശാത്വിബിയുടെ മഖാസിദു ശരീഅ ഇവയാണ് 'ക്ലാസിക് കൃതികൾ' എന്ന അധ്യായത്തിൽ കടന്നുവരുന്നത്. ഇമാം അബൂഹനീഫയുടെ ചിന്തകളെ അപ ഗ്രഥിക്കുമ്പോൾ, ആ ചിന്തകൾ അദ്ദേഹം ജീവിച്ച ബഗ്ദാദിന്റെ ബഹു സാംസ്കാരികമായ സാമൂഹിക ധൈഷണിക അന്തരീ ക്ഷവുമായാണ് ബന്ധപ്പെട്ട് കിടക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. കുറച്ചുകൂടി ഏകതാനത പുലർത്തുന്ന നഗരങ്ങളിൽ താമസിച്ചത് കൊണ്ടാവാം ഇമാം ശാഫിഈ സന്ദർഭത്തേക്കാൾ, പാഠത്തിലൂന്നിയ സമീപനം സ്വീകരിച്ചതെന്ന നിരീക്ഷണം വളരെ ശ്രദ്ധേയമാണ്. ശരീഅത്തിന്റെ ലക്ഷ്യങ്ങൾ ശാത്വിബി പുനർനിർണയിച്ചപ്പോൾ സ്വീകരിച്ച സങ്കേതങ്ങളെ റമദാൻ വിലയിരുത്തുന്നു. തുടർന്ന് മൂന്നാം ഭാഗത്ത് പുതിയ ഭൂമിക യിൽ ശരീഅത്തിന്റെ ലക്ഷ്യങ്ങൾ നിർണയിക്കുന്നു. നാലാം ഭാഗത്ത് അഞ്ച് കേസ് സ്റ്റഡികൾ അടങ്ങിയിരിക്കുന്നു. പരി സ്ഥിതി, സാമ്പത്തിക ശാസ്ത്രം, സ്ത്രീ തുടങ്ങിയ വൈവി ധ്യപൂർണമായ വിഷയങ്ങളിലൂടെ നമ്മെ നയിക്കുന്നു. പുതിയ കാര്യങ്ങളല്ല റമദാൻ പറയുന്നത്. നിരവധി സമകാലികർ ഇതേ കാര്യങ്ങൾ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ചിലരെ റമദാൻ തന്നെ ഉദ്ധരിക്കുന്നുമുണ്ട്. അഹ്മദ് റയ്സൂനിയെയും യൂസുഫുൽ ഖറ ദാവിയെയുമൊക്കെ റമദാൻ പരിഗണിച്ചിട്ടുമുണ്ട്. റമദാന്റെ പഠ നങ്ങളുടെ പ്രത്യേകത ഫിഖ്ഹ് ജാർഗണുകളുടെ സഹായമി ല്ലാതെ കാലിക ഭാഷയിൽ വിഷയങ്ങൾ അവതരിപ്പിക്കുന്നു എന്നതാണ്. സാമൂഹിക ശാസ്ത്ര സംജ്ഞകളും സുലഭമായി ഉപയോഗിക്കുന്നു. ഇതാണ് റമദാനും മറ്റുള്ളവരും തമ്മിലെ വ്യത്യാസം. ■

# സ്ത്രീ: പാരമ്പര്യവും വിമോചനവും

*റാഡിക്കൽ റിഫോം* എന്ന കൃതിയിൽ താരിഖ് റമദാൻ ഉന്നയിക്കുന്ന പുതിയ പരിപ്രേക്ഷ്യങ്ങൾ

**സമകാലിക** സ്ത്രീ ജീവിതം നിരവധി പ്രശ്ന മണ്ഡലങ്ങൾക്ക കത്താണ് സ്ഥിതിചെയ്യുന്നത്. സ്ത്രീയെ കുറിച്ചു സംസാരിക്കു ന്നതുതന്നെ സാമൂഹിക മണ്ഡലത്തിൽ നിരവധി പ്രത്യാഘാത ങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നിലനിൽക്കുന്ന സാമൂഹിക ധാരണകൾ, സാംസ്കാരിക വിവക്ഷകൾ, പാരമ്പര്യ വിശ്വാസങ്ങൾ ഇവയോട് കണക്കു തീർക്കാതെ സ്ത്രീയവസ്ഥയെക്കുറിച്ച സംവാദം തന്നെ അസാധ്യമാണ്.

മുസ്‌ലിം ലോകത്ത് ചർച്ചചെയ്യപ്പെടുന്ന 'സ്ത്രീയും ഇസ്‌ലാമും' എന്ന തലക്കെട്ടിനു നിരവധി ബലഹീനതകളുണ്ട്. ഇസ്‌ലാമും പടിഞ്ഞാറും തമ്മിലുള്ള ബന്ധത്തിന്റെ ഉൽപന്നമാ യാണ് സ്ത്രീ കടന്നുവരുന്നത്. മുസ്‌ലിം സ്ത്രീയെക്കുറിച്ച ചർച്ച കളിൽ പടിഞ്ഞാറും ഇസ്‌ലാമും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്ന പരിസരങ്ങൾ, സ്ത്രീയെക്കുറിച്ച വികല കാഴ്ചപ്പാടുകൾ സ്വീക രിക്കാൻ മുസ്‌ലിം സമൂഹത്തെ നിർബന്ധിതമാക്കി. പടിഞ്ഞാറു നിന്നുള്ള വിമർശനത്തിന്റെ നെഗറ്റീവിറ്റി കൂടിയാണിതിനു കാര ണം. ഇങ്ങനെ മുസ്‌ലിം ലോകവും പടിഞ്ഞാറും അപരവത്ക രിച്ച സ്ത്രീയുടെ ഉൺമയെ കാണാൻ ഫിഖ്ഹിന്റെ പുതിയ രൂപമാതൃകകൾക്ക് കഴിയുമെന്ന് റമദാൻ വിലയിരുത്തുന്നു. ഇസ്‌ലാമിക ലോകത്ത് ഇത്തരം ശ്രമങ്ങൾ വ്യാപകമാണ്. ഇസ്‌ലാ മിക പാഠാവലികളെ തന്നെ പുനർവ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ, രണ്ടു മുഖ്യ പ്രതിസന്ധികൾ റമദാൻ തിരിച്ചറിയു ന്നു. ഒന്നാമതായി, വിവാദങ്ങൾക്കിടയാക്കുന്ന കാര്യങ്ങൾ മാത്രം ഉന്നയിച്ച് സമഗ്രമായ പരിഷ്കരണങ്ങൾ അസാധ്യമാക്കുന്ന നടപ ടികൾ. രണ്ട്, പടിഞ്ഞാറിനോടുള്ള വിധേയത്വവും വിമർശനവും സൃഷ്ടിച്ച പ്രശ്നങ്ങൾ. വ്യക്തമായി പറഞ്ഞാൽ, ഖുർആന്റെ വ്യാഖ്യാനം ഫെമിനിസത്തിന്റെ മുൻഗണനാക്രമങ്ങൾക്കകത്തു വെച്ചല്ല നിർവഹിക്കേണ്ടത്. എന്നാൽ സ്ത്രീയുടെ അവകാശ ത്തെയും പ്രതിനിധാനത്തെയും കുറിച്ച ഫെമിനിസ്റ്റ് കാഴ്ചപ്പാടു കൾ പാഠവ്യാഖ്യാനങ്ങൾക്കു സഹായകമാണെങ്കിൽ സ്വീകരിക്കാ വുന്നതാണ്. കാരണം, ഫെമിനിസ്റ്റ് കാഴ്ചപ്പാടുകൾ നിരവധി സാമൂ

ഹിക സമരങ്ങളിലൂടെയും തീക്ഷ്ണ അനുഭവത്തിലൂടെയും ഉയർന്നു വന്നതാണ്. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ അനുഭവിക്കുന്ന ആന്തരിക വൈരുധ്യങ്ങളെയും നാം വിശകലനം ചെയ്യേണ്ടതുണ്ട്.

പ്രവാചക കാലഘട്ടത്തിൽ ഖുർആന്റെ വ്യാഖ്യാനവും വായനയും അന്നത്തെ സവിശേഷ സാംസ്കാരിക പരിസരത്തെ നിരൂപണം ചെയ്തായിരുന്നു വികസിച്ചത്. അറബ് ഗോത്രങ്ങളുടെ സ്ത്രീകളോടുള്ള സമീപനത്തെ വിചാരണ ചെയ്യുന്നവയായിരുന്നു അവ. എന്നാൽ പിന്നീടുവന്ന വായനകൾ കേവലം പാഠത്തിന്റെ പരിമിതികൾക്കകത്ത് ഒതുങ്ങിനിന്നു. ഒട്ടുമിക്ക വായനകളും ആൺകോയ്മയുടെ ഉൽപന്നങ്ങളായിരുന്നു. സ്ത്രീക്ക് സ്വത്വപരമായ സ്വയം നിർണയാവകാശം നൽകുന്ന വ്യാഖ്യാനങ്ങൾ അവസാനിക്കുകയും സ്ത്രീ കർതൃത്വത്തെ നിഷേധിച്ച് കേവലം ഉപകരണമായി അവതരിപ്പിക്കുന്ന നിലപാടുകൾ ധാരാളമുണ്ടാവുകയും ചെയ്തു. ഭാര്യ, സഹോദരി, മകൾ തുടങ്ങിയ സ്ത്രീ ധർമങ്ങളെക്കുറിച്ചു വാചാലമാകുന്ന വായനകൾ, സ്ത്രീയുടെ ഉൺമയെ അവഗണിക്കുകയും അദൃശ്യവത്കരിക്കുകയും ചെയ്തു. എന്നാൽ ആൺവായനകൾ ആണിന്റെ സ്വത്വ പ്രതിസന്ധിയെ നിരന്തരം പ്രശ്നവത്കരിച്ചു. ഇസ്‌ലാമിക സൂഫിസം തന്നെ ഇത്തരം ആൺ സ്വത്വ പ്രതിസന്ധിയെ നിരന്തരം വായിച്ചതിലൂടെ രൂപപ്പെട്ടതാണ്. ആൺപക്ഷ വായനകൾ രൂപപ്പെടുത്തിയ ഇടത്തിലൂടെ പെൺജീവിതത്തെ നോക്കിക്കാണുന്ന രീതി പ്രബലമായിത്തീർന്നിരിക്കുന്നു. 'വിവാഹത്തിനു സ്ത്രീയുടെ സമ്മതം ആവശ്യമാണ്', 'വിജ്ഞാനം കരസ്ഥമാക്കൽ സ്ത്രീയുടെയും പുരുഷന്റെയും നിർബന്ധ ബാധ്യതയാണ്' തുടങ്ങിയ വചനങ്ങൾ അകത്തുനിന്ന് വായിക്കുമ്പോൾ ബഹുഭാര്യാത്വത്തെക്കുറിച്ച് അഭിപ്രായം പറയേണ്ടത് ആൺ ഫഖീഹുകളല്ല എന്നാണ് മനസ്സിലാവുക. കാരണം നിലവിലുള്ള സ്ത്രീ ജീവിതത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിവ് കൂടുതൽ സ്ത്രീ ഫഖീഹുകൾക്ക് തന്നെയാണ്. അതിനാൽ യോഗ്യതയുള്ള സ്ത്രീ ഫഖീഹുകൾ ബഹുഭാര്യാത്വത്തെ കുറിച്ച നടപടികൾ ചർച്ച ചെയ്യുന്നതാണ് ഉചിതം.

**നിലവിലുള്ള സ്ത്രീ ജീവിതത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിവ് കൂടുതൽ സ്ത്രീ ഫഖീഹുകൾക്ക് തന്നെയാണ്. അതിനാൽ യോഗ്യതയുള്ള സ്ത്രീ ഫഖീഹുകൾ ബഹുഭാര്യാത്വത്തെ കുറിച്ച നടപടികൾ ചർച്ച ചെയ്യുന്നതാണ് ഉചിതം.**

പള്ളി, കുടുംബം ഇവയോട് ബന്ധപ്പെടുത്തി സ്ത്രീ ജീവിതവും ഖുർആന്റെ വായനയും റമദാൻ ചർച്ച ചെയ്യുന്നുണ്ട്. ■

കവർസ്റ്റോറി

# പുതിയ സ്ത്രീ നേതൃത്വം

താരിഖ് റമദാൻ

**സ്ത്രീകളുടെ** പ്രശ്നങ്ങളെക്കുറിച്ച് മുസ്‌ലിം ലോകം ഇന്ന് ബോധവാന്മാരാണ്. സ്ത്രീ പ്രശ്നങ്ങളോടുള്ള പുതു സമീപനങ്ങൾ മുമ്പെങ്ങുമില്ലാത്ത വിധം ഗതിവേഗമാർജിച്ചിരിക്കുന്നു. ഇസ്‌ലാമിക ചിന്തയിലും വ്യവഹാരങ്ങളിലും സ്ത്രീയോടുള്ള സമീപനങ്ങൾ വ്യാപകമായി മനസ്സിലാകുന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. ആദ്യകാല പണ്ഡിതന്മാരുടെ പ്രസ്താവനകളെയും വീക്ഷണങ്ങളെയും ഇസ്‌ലാമിനകത്തു നിന്നുതന്നെ നവീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതിനു സഹായകമാവുന്ന രീതിയിൽ ഓരോ പണ്ഡിതന്റെയും കാലത്തെയും ജീവിത സന്ദർഭത്തെയും സാംസ്കാരിക പരിസരത്തെയും മനസ്സിലാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഇത് ഒരു പ്രത്യേക വ്യാഖ്യാനത്തിന്റെ പരിമിതിയെ മനസ്സിലാക്കാൻ ഉതകുന്നു. ഈ അർഥത്തിൽ ഫത്‌വയെ അപനിർമിക്കുകയും പ്രാപഞ്ചിക സന്ദേശത്തിന്റെ ഉന്നത താൽപര്യങ്ങളെ പുതിയ കാലത്ത് പുനർരചിക്കുകയും ചെയ്യുന്നതിലൂടെ നൂതന വ്യാഖ്യാനങ്ങൾ രൂപപ്പെടുമെന്നു തന്നെയാണ് കരുതേണ്ടത്.

ചിലർ ഇതിനെ 'ഇസ്‌ലാമിക ഫെമിനിസം' എന്നു പറയുന്നുണ്ട്. മറ്റു ചിലരാവട്ടെ, ഇസ്‌ലാമിന്റെ ആന്തരിക നവീകരണക്ഷമതയുടെ സ്വാഭാവിക പ്രതിഫലനമായി കാണുന്നു. ഫെമിനിസം എന്നത് പടിഞ്ഞാറൻ സാമൂഹിക പ്രതിഭാസമാണെന്നും ഇസ്‌ലാമിക സമാജത്തിന്റെ പ്രശ്നങ്ങളുമായി അതിന് പ്രത്യേക ബന്ധമൊന്നുമില്ലെന്നും അവർ മനസ്സിലാക്കുന്നു. ഇസ്‌ലാമിക സ്വത്വത്തിനകത്ത് സ്ത്രീയുടെ പുതിയ ആവിഷ്കാരങ്ങൾ നിലനിർത്താൻ നടത്തുന്ന ശ്രമങ്ങൾ ആഹ്ലാദകരമാണ്. ഇതിനൊക്കെ ഓരോരോ പേരിടുന്നതിൽ പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ഉള്ളടക്കത്തെ സമകാലികതയുമായി ബന്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്. ഫെമിനിസം സൈദ്ധാന്തികമായി ശരിയല്ലെങ്കിലും, പ്രായോഗികമായി ഒരുപാട് പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ഈ അർഥത്തിൽ ഒരു മധ്യമ നിലപാടാണ് മുസ്‌ലിംകൾക്ക് കരണീയം.

**ലോകമെമ്പാടുമുള്ള ഫത്‌വാ കൗൺസിലുകളിൽ സ്ത്രീകൾക്ക് വർധിച്ച പ്രാതിനിധ്യം വേണമെന്നു തന്നെയാണ് പറയാനുള്ളത്. ഇതാണ് സ്ത്രീകൾക്ക് വിമോചനം നേടാനുള്ള മികച്ച വഴികളിലൊന്നായി ഞാൻ കാണുന്നത്.**

ഇസ്‌ലാമിക സമൂഹങ്ങളിലെ സ്ത്രീകളുടെ സാക്ഷരതയുടെ പ്രശ്നം നോക്കുക. ഇസ്‌ലാമികാധ്യാപനങ്ങൾക്കുതന്നെ കടകവിരുദ്ധമായ സമീപനമാണ് സമൂഹം സ്ത്രീകളോട് പുലർത്തുന്നത്; കുടുംബം, സമൂഹം, പൊതുബോധം ഇവയുടെ രൂപീകരണത്തിൽ സ്ത്രീകൾക്കുള്ള പങ്ക് മനസ്സിലാക്കുമ്പോൾ വിശേഷിച്ചും. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ അവസരം കിട്ടുമ്പോഴൊക്കെ അവർ ആൺകുട്ടികളേക്കാൾ മെച്ചപ്പെട്ട ഫലം കാഴ്ചവെക്കുന്നുണ്ട്. ലോകത്തെവിടെയും ആൺകുട്ടികളേക്കാൾ മികച്ച പ്രകടനം വിദ്യാഭ്യാസ വിഷയത്തിൽ പെൺകുട്ടികളാണ് നടത്തുന്നത്. തൊഴിൽ കമ്പോളത്തിൽ പെൺകുട്ടികൾ ഉയർന്ന സർട്ടിഫിക്കറ്റുകളുമായി ആൺകുട്ടികളെ പിന്നിലാക്കിയിരിക്കുന്നു. ഇസ്‌ലാമിക പഠനങ്ങൾ നടത്തി മികച്ച നിരൂപണങ്ങളും വായനകളും വികസിപ്പിക്കാൻ സ്ത്രീകൾക്ക് കഴിയുന്നു. ആണുങ്ങൾ പൊതുവെ അലസരായിരിക്കുകയാണ്. ഇസ്‌ലാമിക

ലോകത്തെ ഊർജസ്വലരായ പെൺകുട്ടികൾ ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ ആർജിച്ച്, പുതിയ വ്യാഖ്യാനങ്ങൾ ഇസ്‌ലാമിക ചിന്തയുടെ മൂശയിൽതന്നെ രൂപപ്പെടുത്തുന്നു. ഈ അർഥത്തിൽ സാമൂഹിക മുൻഗണനാക്രമങ്ങൾ തന്നെ മാറിമറിയുന്നുണ്ട്.



ബൗദ്ധിക സാമൂഹിക മുന്നേറ്റത്തിനുള്ള ശ്രമങ്ങളിൽ സ്ത്രീകളാണ് ഇന്ന് നേതൃത്വ പദവിയിലെത്തുന്നത്. അഥവാ നേതൃത്വം തന്നെ മാറുന്നു. കൂടുതൽ സ്ത്രൈണതയുള്ള നേതൃത്വം ജീവിതത്തിന്റെ മർമ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. മതവും നേതൃത്വവും എന്ന വിഷയത്തിൽ തന്നെ പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുന്നു. രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾ, പൗരസമൂഹം, യൂനിവേഴ്സിറ്റികൾ ഈ മേഖലകളിലെല്ലാം വർധിച്ച സ്ത്രീ സാന്നിധ്യം പ്രകടമാണ്. ഇത് വ്യാപക ശ്രദ്ധ നേടിയിരിക്കുന്നു. ആഗോളതലത്തിൽതന്നെ ഇത്തരമൊരു മൂവ്മെന്റ് ആരംഭിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക ചിന്തകർ, ആക്ടിവിസ്റ്റുകൾ, സാമൂഹിക പ്രവർത്തകർ, മനഃശാസ്ത്രജ്ഞർ തുടങ്ങിയവരുടെ ബഹുവിധ കൂട്ടായ്മകൾ പുതിയ സാഹചര്യങ്ങളെ വിലയിരുത്തുകയും ഭാവിയെ രൂപപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. നിരവധി കൈവഴികളിലൂടെ പുതിയ അനുഭവങ്ങൾ കൈമാറേണ്ടതുമുണ്ട്. ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇസ്‌ലാമിക ചരിത്രത്തെ സ്ത്രീകൾതന്നെ വിലയിരുത്തുകയും ശരീഅത്തിന്റെ നിർണിത ലക്ഷ്യങ്ങൾക്കകത്തുനിന്ന് പുതിയ വഴികൾ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും വേണം. പടിഞ്ഞാറുനിന്നുള്ള രക്ഷാകർതൃത്വം നിഷേധിക്കുമ്പോൾതന്നെ, സംവാദാത്മക ബന്ധങ്ങൾ സ്ഥാപിക്കുകയും വേണം. ലോകമെമ്പാടുമുള്ള ഫത്‌വാ കൗൺസിലുകളിൽ സ്ത്രീകൾക്ക് വർധിച്ച പ്രാതിനിധ്യം വേണമെന്നു തന്നെയാണ് പറയാനുള്ളത്. ഇതാണ് സ്ത്രീകൾക്ക് വിമോചനം നേടാനുള്ള മികച്ച വഴികളിലൊന്നായി ഞാൻ കാണുന്നത്. ■

(*റാഡിക്കൽ റിഫോം* എന്ന കൃതിയിൽനിന്ന്)